## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:13      11/06/2012 - ൽ മറുപടിക്ക്

### മത്സ്യദൗർലഭ്യവും വിലക്കയറ്റവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ:<br>,, ഇ. ചന്ദ്രശേഖരൻ:<br>,, കെ. അജിത്:<br>,, പി. തിലോത്തമൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മത്സ്യലഭ്യത കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലഭ്യത കുറയുവാനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഇല്ല. മത്സ്യബന്ധനം സംബന്ധിച്ച് പഠനം നടത്തിയിട്ടുള്ള കലാവാർ കമ്മിറ്റി മുതലുള്ള എല്ലാ കമ്മിറ്റികളുടെയും പഠന റിപ്പോർട്ടുകളിൽ അനിയന്ത്രിതമായ ബോട്ടുകളുടെ എണ്ണം കാരണം ഓരോ ബോട്ടിനും ലഭിക്കുന്ന മത്സ്യത്തിന്റെ അളവ് (ക്യാച്ച് പെർ യൂണിറ്റ് എഫർട്ട്) കുറയുന്നുണ്ടെന്ന് പ്രതിപാദിക്കുന്നുണ്ട്. |
| (ബി) മണ്ണെണ്ണ സബ്സിഡി ലഭിക്കാത്തതിനെത്തുടർന്ന് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള വലിയ വള്ളങ്ങൾ കടലിലിറങ്ങാതായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) മണ്ണെണ്ണ സബ്സിഡി ലഭിക്കാത്തതിനെ തുടർന്ന് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള വലിയ വള്ളങ്ങൾ കടലിൽ ഇറങ്ങാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പൊതു വിതരണ സംവിധാനം വഴി കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്ന മണ്ണെണ്ണ ക്വാട്ടായിൽ കുറവ് വരുത്തിയതു |

കാരണം മത്സ്യബന്ധന മേഖലയിൽ പ്രതിസന്ധിയുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (സി) മത്സ്യത്തിന്റെ അമിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) മത്സ്യബന്ധനത്തിനുള്ള ഇന്ധന വില വർദ്ധനവും, മറ്റു അനുബന്ധ ഘടകങ്ങളും കാരണം, മത്സ്യത്തിന്റെ വിലയിൽ നേരിയ വർദ്ധനവ് മൊത്തത്തിൽ ഉണ്ടായിട്ടുണ്ട്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ചൂട് കൂടുതലായതിനാൽ മത്സ്യലഭ്യത തീരെക്കുറവാണ്. കടലോരത്ത് ഈ സമയം വറുതിയുടെ കാലമാണ്. കാലവർഷം ആകുന്നതോടുകൂടി വില കുറയുന്നതായിട്ടാണ് കാണുന്നത്. |

സെക്ഷൻ ഓഫീസർ